LIBRARY ARCHIVES Kerala Legislative Assembly

ഐ.എ.വൈ. ധനസഹായ വിതരണത്തിലെ കടിശ്ശിക

9 (†1405) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചവർക്ക് നൽകുവാനുള്ള തുകയിൽ കടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ കാലയളവ് വിശദീകരിക്കുമോ ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ ഏത്ര ഗുണഭോക്താക്കൾക്കാണ് ഇത്തരത്തിൽ ധനസഹായം നൽകുന്നതിൽ കടിശ്ശിക വരുത്തിയിട്ടുള്ളതെന്നും ഏത് കാലയളവ് മുതലെന്നും വിശദീകരിക്കാമോ ;

(സി) ധനസഹായം യഥാസമയം ലഭ്യമാക്കുന്നതിലുള്ള തടസ്സമെന്തെന്നും ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജന പ്രകാരമുള്ള കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ നൽകുന്നതിൽ കടിശ്ശിക വരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതിൽ 2012-13 മുതൽ സംസ്ഥാന സർക്കാർ അധികമായി നൽകുന്ന തുകയിൽ കടിശ്ശിക വന്നിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ത്രിതല പഞ്ചായത്തുകൾ 2014-15 പദ്ധതി വിഹിതത്തിൽ തൻവർഷം ചെലവഴിക്കാൻ സാധ്യതയില്ലാത്ത ഫണ്ട് ഐ.എ.വൈ.-യുടെ അധിക സംസ്ഥാന വിഹിതമായി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ.പദ്ധതി

10 (1406) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; എത്ര കിലോമീറ്റർ ദൂരം ; അടങ്കൽ തുക എത്രയായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) 2013-14 വർഷത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകളുടെ നിർമ്മാണപ്രക്രിയ എത്ര മാത്രം പൂർത്തീകരിച്ചു, ഇല്ലെങ്കിൽ എത്രകൊണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) 2014-15 വർഷത്തിൽ ഏതെല്ലാം റോഡുകൾ ആണ് പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; ഓരോന്നിന്റെയും പൂർത്തീകരണം സംബന്ധിച്ച വിശദാംശവും ചിലവായ തുക സംബന്ധിച്ച കണക്കും ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

കണ്ണൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ അനുവാദം നൽകിയ പ്രവർത്തികൾ

11 (1407) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ എത്ര പ്രവൃത്തികൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര സർക്കാർ സഹായത്തോടുകൂടിയുള്ള ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ

12 (1408) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ സഹായത്തോടുകൂടി ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിൽ വരുത്തുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും, ഇവ ഓരോന്നിലും എത്ര ശതമാനം വിഹിതമാണ് കേന്ദ്ര സർക്കാർ വഹിക്കുന്നതെന്നും വ്യക്തമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly